**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്തിൻ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്താൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച പഠന റിപ്പോർട്ട് ഐ.എം.ജി. സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (സി) | പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരോട് ആലോചിക്കാതെയും ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്താതെയുമാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന് കാണിച്ച് ഉദ്യോഗസ്ഥർ കത്തു നൽകിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആകെ എത്ര രൂപയാണ് ഐ.എം.ജി.-ക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 19 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ 9.50 ലക്ഷം രൂപ ഐ.എം.ജി-ക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ എന്നു മുതൽ എപ്രകാരം നടപ്പാക്കുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ഇ) | റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് പരിഷ്കരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ? | (എഫ്) | റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ